REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 21-09-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- വയനാട് ദുരിതാശ്വാസ ചെലവു സംബന്ധിച്ച് SDRF മാനദണ്ഡങ്ങൾ അനുസരിച്ചാണ് മെമ്മോറാണ്ടം തയ്യാറാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ADGP, M.R അജിത്ത് കുമാറിന് എതിരായ ആരോപണങ്ങൾ ഗൗരമുള്ളതാണെന്നും മുഖ്യമന്ത്രി.
- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് US ലെ വിൽമിങ്ടണിൽ നാലാമത് ക്വാഡ് നേതൃതല ഉച്ചകോടിയിൽ പങ്കെടുക്കും.
- മുതിർന്ന ആം ആദ്മി പാർട്ടി നേതാവ് അതിഷി മർലേന ഡൽഹി മുഖ്യമന്ത്രിയായി ഉച്ചകഴിഞ്ഞ് സത്യപ്രതിജ്ഞ ചെയ്യും.
- പ്രശസ്ത സിനിമാതാരം കവിയൂർ പൊന്നമ്മയ്ക്ക് കലാകേരളത്തിന്റെ അന്ത്യാഞ്ജലി. ഭൗതീകശരീരം വൈകിട്ട് ആലുവ കരുമാലൂരിലെ വീട്ടുവളപ്പിൽ സംസ്കരിക്കും.
- ഇന്ന് ശ്രീനാരായണഗുരുവിന്റെ 97-ാമത് സമാധിദിനം.
- ബംഗ്ലാദേശിനെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ കൂറ്റൻ സ്കോറിലേയ്ക്ക്.

## വാർത്തകൾ വിശദമായി

വയനാട് ദുരിതാശ്വാസ ചെലവു സംബന്ധിച്ച് തെറ്റായ വാർത്ത നൽകിയ മാധ്യമങ്ങളെ രൂക്ഷമായി വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. മെമ്മോറാണ്ടത്തിൽ ഗവൺമെന്റ് നൽകിയ കണക്കുകൾ പെരുപ്പിച്ച് കാണിച്ച തുകകളല്ലെന്നും SDRF മാനദണ്ഡങ്ങൾ

അനുസരിച്ചാണ് മെമ്മോറാണ്ടം തയ്യാറാക്കിയതെന്നും മുഖ്യമന്ത്രി പറഞ്ഞു. 128 പേരെ ഇപ്പോഴും കാണാനില്ലെന്നതും വരാനിരിക്കുന്ന ചെലവുകളും എല്ലാം കണക്കിലെടുത്താണ് മെമ്മോറാണ്ടത്തിൽ കണക്കുകൾ ഉൾപ്പെടുത്തിയതെന്നും മുഖ്യമന്ത്രി വിശദീകരിച്ചു.

കേന്ദ്രത്തിന് സംസ്ഥാന ഗവൺമെന്റ് നൽകിയ മെമോറാണ്ടം മാധ്യമങ്ങൾ വളച്ചൊടിച്ചുവെന്നും സംശയത്തിന്റെ പുകപടലമുള്ള തലക്കെട്ടുകൾ നൽകിയാണ് വ്യാജവാർത്താ പ്രചരണം നടത്തിയതെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ കുറ്റപ്പെടുത്തി. വ്യാജ പ്രചാരണം നടത്തുന്ന മാധ്യമങ്ങൾക്ക് എതിരെ നിയമനടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മാധ്യമങ്ങളുടെ ദുഷ്പ്രചരണങ്ങൾ എല്ലാ സീമകളും ലംഘിക്കുകയാണ്. ഇത് സാധാരണ മാധ്യമപ്രവർത്തനമല്ല, നശീകരണ മാധ്യമ പ്രവർത്തനവും, സമൂഹത്തിനെതിരായ കുറ്റകൃത്യവുമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

1200 കോടി രൂപക്ക് മുകളിലാണ് വയനാട് ദുരന്തത്തിലെ യഥാർഥ നഷ്ടം. ദുരന്തഭൂമി പുനർനിർമിക്കാൻ 2500 കോടി രൂപ ആവശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ തള്ളുന്ന സ്ഥിതി കേന്ദ്രം സ്വീകരിച്ചിട്ടില്ലെന്നും ഗൗരവമായി പരിഗണിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. അതേസമയം, സഹായം വൈകുകയാണെന്നും അദ്ദേഹം അറിയിച്ചു.

തൃശൂർ പൂരവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ സംബന്ധിച്ച ചോദ്യത്തിന് ഇക്കാര്യത്തിൽ അന്വേഷണം നടന്നുവരികയാണെന്നും ഈ മാസം 24നകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി മറുപടി നൽകി. അന്വേഷണം സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം തെറ്റായ വിവരം നൽകിയെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് ആസ്ഥാനത്തെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എം എസ് സന്തോഷിന് എതിരെ നടപടി എടുത്തതെന്നും മുഖ്യമന്ത്രി പറഞ്ഞു.

എഡിജിപി അജിത്ത് കുമാറിന് എതിരായ ആരോപണങ്ങൾ ഗൗരമുള്ളതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് നടപടി ഉണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് US ലെ വിൽമിങ്ടണിൽ നാലാമത് ക്വാഡ് നേതൃതല ഉച്ചകോടിയിൽ പങ്കെടുക്കും. ലോക നേതാക്കളുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകളും നടത്തും. ഇന്ത്യ-അമേരിക്ക സമഗ്ര - ആഗോള - തന്ത്രപര ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും, ഉഭയകക്ഷി ബന്ധങ്ങൾ അവലോകനം ചെയ്യാനും അമേരിക്കൻ പ്രസിഡണ്ടുമായി നടത്തുന്ന കൂടിക്കാഴ്ച സഹായിക്കുമെന്ന് മുമ്പ് പ്രധാനമന്ത്രി പറഞ്ഞു.

ന്യൂയോർക്കിൽ പ്രധാനമന്ത്രി അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായ പ്രമുഖരുമായും സംവദിക്കും. മൂന്നു ദിവസത്തെ സന്ദർശനത്തിന്റെ അവസാനദിനത്തിൽ ഐക്യരാഷ്ട്ര പൊതുസഭയിൽ ഭാവിയുടെ ഉച്ചകോടിയേയും നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

✪✪✪

മുതിർന്ന ആം ആദ്മി പാർട്ടി നേതാവ് അതിഷി മർലേന ഡൽഹി മുഖ്യമന്ത്രിയായി ഉച്ച കഴിഞ്ഞ് സത്യപ്രതിജ്ഞ ചെയ്യും. ഡൽഹി ലെഫ്റ്റനന്റ് ഗവർണർ VK സക്സേന അതിഷിയ്ക്ക് രാജ്നിവാസിലെ ചടങ്ങിൽ സത്യവാചകം ചൊല്ലിക്കൊടുക്കും. അഞ്ച് മന്ത്രിമാരും അവർക്കൊപ്പം സ്ഥാനമേൽക്കും. ഗോപാൽറായ്, കൈലാഷ് ഗെഹ്-ലോട്ട്, സൗരബ് ഭരദ്വാജ്, ഇമ്രാൻ ഹുസൈൻ, മുകേഷ് അഹ്-ലാവത്ത് എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്യുന്ന മന്ത്രിമാർ. കൽക്കാജി നിയമസഭാ മണ്ഡലത്തിൽ നിന്ന് നിയമസഭയിലെത്തിയ ആതിഷി കോൺഗ്രസിലെ ഷീലാ ദീക്ഷിതിനും, BJP യിലെ സുഷമാ സ്വരാജിനും ശേഷം ഡൽഹി മുഖ്യമന്ത്രിയാകുന്ന മൂന്നാമത്തെ വനിതയാണ്.

രാഷ്ട്രപതി ദ്രൗപതി മുർമു, അതിഷിയെയും മന്ത്രിമാരെയും നിയമിച്ചതായി ഇന്നലെ രാത്രിയാണ് ഔദ്യോഗിക അറിയിപ്പ് പുറപ്പെടുവിച്ചത്.

✪✪✪

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട പരസ്യ പ്രചാരണം മറ്റന്നാൾ വൈകീട്ട് അവസാനിയ്ക്കും . ആറ് ജില്ലകളിലെ 26 മണ്ഡലങ്ങളിൽ ബുധനാഴ്ച്ചയാണ് വോട്ടെടുപ്പ്.

മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ പൂഞ്ച്, രജൗരി, ജമ്മു ജില്ലകളിലെ അഞ്ച് തിരഞ്ഞെടുപ്പ് റാലികളെ ഇന്ന് അഭിസംബോധന ചെയ്യും. ജമ്മുവിൽ നാളെ റോഡ് ഷോയിൽ പങ്കെടുക്കുന്ന BJP ദേശീയ അധ്യക്ഷൻ ജെപി നദ്ദ രണ്ട് പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും.

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി തിങ്കളാഴ്ച പൂഞ്ചിലും ശ്രീനഗറിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. നാഷണൽ കോൺഫറൻസ് പ്രസിഡന്റും ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയുമായ ഡോ. ഫാറൂഖ് അബ്ദുള്ള തിങ്കളാഴ്ച സൈനകോട്ടിൽ റാലി നടത്തിയേക്കും.

✪✪✪

ജോലിക്കു പകരം ഭൂമി കുംഭകോണകേസിൽ RJD നേതാവ് ലാലുപ്രസാദ് യാദവിനെ പ്രോസിക്യൂട്ട് ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകി. 2004 - 2009 കാലത്ത് ലാലുപ്രസാദ് യാദവ് റെയിൽവെ മന്ത്രിയായിരിക്കെയാണ് കേസിനാസ്പദമായ സംഭവം.

✪✪✪

ഇന്ന് അന്താരാഷ്ട്ര തീര ശുചീകരണ ദിനം. ഐക്യരാഷ്ട്ര പരിസ്ഥിതി പ്രോഗ്രാമിന്റെയും സൗത്ത് ഏഷ്യൻ കോ-ഓപ്പറേറ്റീവ് എൻവയോൺമെന്റൽ പ്രോഗ്രാമിന്റെയും ആഭിമുഖ്യത്തിൽ എല്ലാ വർഷവും സെപ്റ്റംബറിലെ മൂന്നാം ശനിയാഴ്ചയാണ് അന്താരാഷ്ട്ര തീര ശുചീകരണ ദിനം സംഘടിപ്പിക്കുന്നത്.

✪✪✪

അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി കോസ്റ്റ് ഗാർഡ് ഫോർട്ടുകൊച്ചി, കുഴിപ്പിള്ളി ബീച്ചുകളിൽ സംഘടിപ്പിച്ച ശുചീകരണ പ്രവർത്തനങ്ങളിൽ കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി പങ്കെടുത്തു. ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ശുചീകരണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഭൂമിയുടെ സംരക്ഷണം നമ്മുടെ കൈകളിലാണെന്നും ആ സന്ദേശമാണ് പുതുതലമുറയ്ക്ക് കൈമാറേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

അമ്മ വേഷങ്ങളിലൂടെ മലയാളികളുടെ മനം കവർന്ന പ്രശസ്ത സിനിമാതാരം കവിയൂർ പൊന്നമ്മയ്ക്ക് കലാകേരളത്തിന്റെ ബാഷ്പാഞ്ജലി. കളമശ്ശേരി മുനിസിപ്പൽ ടൗൺ ഹാളിൽ

പൊതുദർശനത്തിന് വെച്ച ഭൗതിക ശരീരത്തിൽ സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുമായി ആയിരക്കണക്കിന് ആളുകൾ അന്ത്യാഞ്ജലി അർപ്പിച്ചു വരുന്നു.

കേന്ദ്ര മന്ത്രി സുരേഷ് ഗോപി, മന്ത്രി പി രാജീവ് , മമ്മൂട്ടി , മോഹൻലാൽ, തുടങ്ങി രാഷ്ട്രീയ സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ കവിയൂർ പൊന്നമ്മയ്ക്ക് ആദരാഞ്ജലി അർപ്പിക്കാനെത്തി.

കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെയായിരുന്നു 79 കാരിയായ കവിയൂർപൊന്നമ്മയുടെ അന്ത്യം.

ഭൗതീകശരീരം വൈകിട്ട് ആലുവ കരുമാലൂരിലെ വീട്ടുവളപ്പിൽ സംസ്കരിക്കും.

✪✪✪

ശ്രീനാരായണ ഗുരുദേവന്റെ 97-ാമത് മഹാസമാധി ദിനം ഇന്ന്. നാടെങ്ങും ഭക്തി നിർഭരമായ ചടങ്ങുകളോടെയാണ് മഹാസമാധി ദിനം ആചരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

.............(വോയ്സ്)................

✪✪✪

മുതിർന്ന CPIM നേതാവ് M.M ലോറൻസ് അന്തരിച്ചു. അദ്ദേഹത്തിന് 95 വയസ്സായിരുന്നു. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലിരിക്കെ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. 1980 മുതൽ 1984 വരെ ഇടുക്കിയിൽ നിന്ന് ലോക്സഭാംഗമായിരുന്നു .

CPIM കേന്ദ്ര കമ്മിറ്റി അംഗം, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, എറണാകുളം ജില്ലാ സെക്രട്ടറി, ഇടതുമുന്നണി കൺവീനർ, CITU സംസ്ഥാന ജനറൽ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

ADGP MR അജിത് കുമാറിനെതിരേ വീണ്ടും ആരോപണങ്ങളുമായി ഇടത് MLA P.V അൻവർ. അജിത് കുമാർ കള്ളപ്പണം വെളുപ്പിച്ചെന്നും കൈക്കൂലി പണം ഉപയോഗിച്ച് ഫ്ളാറ്റുകൾ വാങ്ങി മറിച്ചുവിറ്റെന്നും അദ്ദേഹം മലപ്പുറത്ത് വാർത്താസമ്മേളത്തിൽ ആരോപിച്ചു. സോളാർ കേസ് അട്ടിമറിച്ചതിനു ലഭിച്ച കൈക്കൂലിപ്പണമാണ് ഇതെന്നും അൻവർ കുറ്റപ്പെടുത്തി.

ADGP കവടിയാറിൽ 33 ലക്ഷത്തി 80,000 രൂപ നൽകി 2016 ഫെബ്രുവരിയിൽ സ്വന്തം പേരിൽ ഫ്ളാറ്റ് വാങ്ങിയെന്നും പത്ത് ദിവസം കഴിഞ്ഞ് ഇത് 65 ലക്ഷം രൂപയ്ക്ക് വില്പന നടത്തിയെന്നും അൻവർ പറഞ്ഞു.

സംസ്ഥാന ഗവൺമെന്റിനെ മോശം അവസ്ഥയിലെത്തിച്ചത് മുഖ്യമന്ത്രിയുടെ രാഷ്ട്രീയകാര്യ സെക്രട്ടറി പി.ശശിയാണെന്നും അൻവർ കുറ്റപ്പെടുത്തി. മുന്നണിയെയും ശശി പ്രതിസന്ധിയിലാക്കിയെന്നും അദ്ദേഹം പറഞ്ഞു .

✪✪✪

ബംഗ്ലാദേശിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ മികച്ച സ്കോറിലേക്ക്. ചെന്നൈയിൽ മൂന്നാം ദിവസമായ ഇന്ന് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ രണ്ടാം ഇന്നിംഗ്സിൽ മൂന്ന് വിക്കറ്റിന് 225 റൺസെടുത്തു.

മൂന്നിന് 81 റൺസെന്ന നിലയിലാണ് ഇന്ത്യ ഇന്ന് ബാറ്റിംഗ് പുനഃരാരംഭിച്ചത്. ബംഗ്ലാദേശ് ഒന്നാം ഇന്നിംഗ്സിൽ 149 റൺസെടുത്ത് പുറത്താവുകയായിരുന്നു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ FC, മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30 ന് ജംഷഡ്പൂരിലാണ് മൽസരം.

ഇതേ സമയം, കൊൽക്കത്തയിൽ നടക്കുന്ന മൽസരത്തിൽ മുഹമ്മദൻസ് S.C, ഗോവ FC യെ നേരിടും.

നാളെ കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും.

✪✪✪

കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നാളെ നടക്കുന്ന ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ മത്സരം കണക്കിലെടുത്ത് കൊച്ചി മെട്രോയുടെ അവസാന സർവീസ് രാത്രി 11 മണിക്ക് ആയിരിക്കും എന്ന് KMRL

**അറിയിച്ചു. സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും രാത്രി 11:00 മണിക്കായിരിക്കും അവസാന സർവീസ് പുറപ്പെടുക .**

✪✪✪

**പ്രധാന വാർത്തകൾ വീണ്ടും**

- **വയനാട് ദുരിതാശ്വാസ ചെലവു സംബന്ധിച്ച് SDRF മാനദണ്ഡങ്ങൾ അനുസരിച്ചാണ് മെമ്മോറാണ്ടം തയ്യാറാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ADGP, M.R അജിത്ത് കുമാറിന് എതിരായ ആരോപണങ്ങൾ ഗൗരമുള്ളതാണെന്നും മുഖ്യമന്ത്രി.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് US ലെ വിൽമിങ്ടണിൽ നാലാമത് ക്വാഡ് നേതൃതല ഉച്ചകോടിയിൽ പങ്കെടുക്കും.**
- **പ്രശസ്ത സിനിമാതാരം കവിയൂർ പൊന്നമ്മയ്ക്ക് കലാകേരളത്തിന്റെ അന്ത്യാഞ്ജലി. ഭൗതീകശരീരം വൈകിട്ട് ആലുവ കരുമാലൂരിലെ വീട്ടുവളപ്പിൽ സംസ്കരിക്കും.**
- **ഇന്ന് ശ്രീനാരായണഗുരുവിന്റെ 97-ാമത് സമാധിദിനം.**
- **മുതിർന്ന CPIM നേതാവ് M.M ലോറൻസ് അന്തരിച്ചു.**
- **ബംഗ്ലാദേശിനെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ കൂറ്റൻ സ്കോറിലേയ്ക്ക്.**

✪✪✪ ✪✪✪ ✪✪✪